4	2011-12	...	7174312.00
5	2012-13	...	13997394.00
6	2013-14	...	14765214.00
7	2014-15	22976.00	...

(ബി) സംസ്ഥാനത്തെ ഐ.ടി. വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് കേരളാ സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ (KSITIL) നടത്തുന്നത്. മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെ നിലവിൽ 11 ജീവനക്കാർ ജോലി ചെയ്യുന്നു. അവരുടെ സേവന വേതനങ്ങൾക്കായി ചെലവിട്ട തുക വാർഷികാടിസ്ഥാനത്തിൽ താഴെ പറയുന്നു.

വർഷം	തുക
2008-09	28,26,167.00
2009-10	43,46,959.00
2010-11	10,35,549.00
2011-12	26,98,735.00
2012-13	50,49,855.00
2013-14	46,58,281.00
2014-15	61,49,819.00

പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗക്കാർ

272(639) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-മാർച്ച് 31-വരെയുള്ള കണക്ക് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽ വിവിധ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള എത്രപേർ ഉണ്ടെന്നുള്ള വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അവരിൽ നിന്ന് എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽ വിവിധ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് തൊഴിൽ ലഭിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗക്കാർക്കു വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ ജില്ലാതലത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാരെ വിവിധ തൊഴിൽ അധിഷ്ഠിത പ്രൊഫഷണൽ കോഴ്സുകൾക്ക് തെരഞ്ഞെടുത്ത NTTF മുഖേന പരിശീലനം നൽകി തൊഴിൽ നൽകുന്ന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഗ്രാന്റ്സ് സോഫ്റ്റ്വെയർ സപ്പോർട്ട് എഞ്ചിനീയർമാരായി ബി.ടെക്, എം.സി.എ. തുടങ്ങിയ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരെ നിശ്ചിത കാലയളവിലേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമിച്ചുവരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യത നിശ്ചയിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് താല്കാലികാടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനാൽ പട്ടികവർഗ്ഗക്കാർക്കു മുൻഗണന നൽകിവരുന്നു.

സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി

273 (640) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിനായി സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly